# പീഡാനുഭവത്തിന്റെ തലേനാളുകൾ: 2/3

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

## കാൽക്കഴുകൽ ശുശ്രൂഷ

1

വസന്താഗമ സന്ധ്യയിൽ
കൈവീശി കടൽ മുറിച്ച്
പലായന കാഹളമൂതി
ഉത്സവപ്പെരുമയിൽ
ചങ്ങല മുറിച്ചക്കരെ
പെസ്ഹാ ഘോഷിച്ച മോശ!

2

അപരാഹ്ന സംക്രമണത്തിൽ
ഭദ്രാസന വിശാലതയിൽ
ബലിസഹായി ബാലർ
പൌരോഹിത്യച്ചുംബനത്തിനു
പാദപങ്കം കഴുകിവെളുപ്പിക്കാൻ
ഇഞ്ച,പുളിഞ്ചിക്ക,വാകത്താളീ-
പതപ്പു പോരാഞ്ഞ്, സാക്ഷാൽ
ലൈഫ്ബോയ് പുരട്ടിക്കഴുകി
വരിനിരന്നു കാൽ നീട്ടി.

3

നാളത്തെ ദു:ഖക്കയ്പ്പില കടിക്കാൻ
ചുണ്ടും പല്ലും അണച്ചുധ്യാനിച്ച്
കൂട്ടംവിട്ടു നാട്ടുവഴിയിൽ കടക്കവേ
ചെറുസംഘ കുട്ടിത്തച്ചർച്ചയിൽ

പ്രധാന വിഷയം പരമോന്നതം:
“പന്ത്രണ്ടു കുഞ്ഞിക്കാൽ നിരയിൽ
ഡാവിഞ്ചിക്കോഡിലെ ഒറ്റുകാരനാർ —
അഞ്ചാംപത്തി പഞ്ചമൻജൂദാസോ?!”
*******************************************************
(നാളെ “പിലാത്തോസിന്റെ പത്രിക”)